27 (2175) പുളിക്കീഴ് ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ ചുമതലയിൽ വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന ഏക പൊതുമേഖലാ സ്ഥാപനമായ പുളിക്കീഴ് ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിൽ ഉൽപ്പാദിപ്പിച്ച മൂന്നു കോടിയിലേറെ രൂപയുടെ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം സംസ്ഥാനത്തിന്റെ വിവിധ ഡിപ്പോകളിൽ കെട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പീഡിത വ്യവസായ സ്ഥാപനമായി പ്രഖ്യാപിച്ചിട്ടുള്ള ഈ കേന്ദ്രത്തിൽ നിർമ്മിച്ചിട്ടുള്ളതും കെട്ടിക്കിടക്കുന്നതുമായ വിദേശമദ്യം വിറ്റഴിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഏഴ് സ്വകാര്യ ഉൽപാദകരുടെ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ബിവറേജസ് കോർപ്പറേഷനിലൂടെ വിറ്റഴിക്കുമ്പോൾ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിൽ ഉൽപ്പാദിപ്പിക്കുന്ന വിദേശമദ്യം വിൽക്കാത്തതിന് പിന്നിൽ മെച്ചപ്പെട്ട വിപണന തന്ത്രത്തിന്റെ അഭാവവും സ്വാർത്ഥലാഭവുമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഇതൊഴിവാക്കാനായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) 1998 ജനുവരി 1-ാം തീയതി മുതൽ 29-2-2000 വരെ ഓരോ മാസവും ഈ സ്ഥാപനത്തിൽ ഉൽപ്പാദിപ്പിച്ച വിദേശമദ്യത്തിന്റെ അളവെത്ര; അവയുടെ വിലയെത്ര; വിപണനം ചെയ്ത മദ്യത്തിന്റെ അളവ് എത്രയെന്നും, അവയുടെ വിലയെത്രയെന്നും അറിയിക്കുമോ;

(ഇ) 1998 ജനുവരി മാസം മുതൽ 29-2-2000 വരെ ഓരോമാസവും പ്രസ്തുത സ്ഥാപനത്തിൽ ശമ്പളവും മറ്റ് അലവൻസുകളുമായി നൽകിയ തുകയെത്ര;

(എഫ്) 11-1-2000-ൽ നടന്ന ബി.ഐ.എഫ്.ആർ.-ന്റെ ഹിയറിംഗിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ആരെങ്കിലും പങ്കെടുത്തിരുന്നോ; പങ്കെടുക്കാതിരുന്നെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാം;

(ജി) ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിൽ കെട്ടിക്കിടക്കുന്ന വിദേശമദ്യം വിറ്റഴിക്കാത്തപക്ഷം ഈ പൊതുമേഖലാ സ്ഥാപനം പൂട്ടിയിടേണ്ടിവരുമെന്നും തന്മൂലം ജീവനക്കാരുടെ ഭാവി അനിശ്ചിതത്വത്തിലാകുമെന്ന വസ്തുത പരിഗണിച്ച് വിപണനത്തിനായി തയ്യാറാക്കിയിട്ടുള്ള വിദേശമദ്യം വിറ്റഴിക്കുന്നതിന് അടിയന്തിരനടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിൽ ഉൽപ്പാദിപ്പിച്ച ഏകദേശം 2 കോടി 65 ലക്ഷം രൂപയുടെ വിദേശമദ്യം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) കെട്ടിക്കിടക്കുന്ന വിദേശമദ്യം വിറ്റഴിക്കുന്നതിന് സെയിൽസ് പ്രൊമോട്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യസ്ഥാപനങ്ങൾ സ്വീകരിക്കുന്ന ആകർഷകമായ വിപണന നടപടികൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട്.

(ഡി) ബിവറേജസ് കോർപ്പറേഷന്റെ ഡിപ്പോകളിൽ സ്റ്റോക്കു ചെയ്തിട്ടുള്ള ട്രാവൻകൂർ ഷുഗേഴ്സിന്റെ ഉൽപ്പന്നമായ ഐ.എം.എഫ്.എൽ.വിറ്റഴിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തണമെന്ന് ഉന്നതലയോഗം ചേർന്ന് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) 1998 ജനുവരി 1-ാം തീയതി മുതൽ 29-2-2000 വരെ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നത്തിന്റെ അളവ്, അവയുടെ വില, വിപണനം ചെയ്ത മദ്യത്തിന്റെ അളവ്, അവയുടെ വില എന്നിവ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഇ) അനുബന്ധം 2-ൽ† വച്ചിട്ടുണ്ട്.

(എഫ്) 11-1-2000-ൽ നടന്ന ബി.ഐ.എഫ്.ആർ. ഹിയറിംഗിൽ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ജനറൽ മാനേജർ പങ്കെടുക്കുകയുണ്ടായി.

(ജി) വിദേശമദ്യം വിറ്റഴിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിച്ചു വരുന്നു.

28 (2176) കണ്ണൂർ തിരുവേപ്പതി സ്പിന്നിംഗ് മിൽ

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ തിരുവേപ്പതി സ്പിന്നിംഗ് മിൽ പൂട്ടിയതെന്നാണ്;

(ബി) അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ മിൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഈ മിൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാദ്ധ്യമല്ലായെന്ന് അതിന്റെ മാനേജ്മെന്റ് രേഖാമൂലം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ തൊഴിലാളി പ്രതിനിധികളുടെ ആഭിമുഖ്യത്തിൽ പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള സാദ്ധ്യതയെപ്പറ്റി പഠനം നടത്തണമെന്ന് അവിടത്തെ തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അത് സംബന്ധിച്ച് എന്തു നടപടിയെടുത്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 16-2-1998-ൽ.

(ബി) അസംസ്കൃതസാധനങ്ങളുടെ ദൗർലഭ്യവും, മൂലധനം ഇല്ലാത്തതുമാണ് കാരണം.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	ശീസ്	ലക്ഷം	149	125.02	83.91	329.44	221.10	171.90	115.37	65.06	43.66
5.	ലികിഡ്സ്	ലക്ഷം	2.50	1.96	78.40	0.90	36.00	0.87	35.00	0.46	18.40
6.	ഇൻജക്ട-ബിൾസ്										
എ.	ബോട്ടിൽസ്	ലക്ഷം	4.5	1.84	40.89	1.94	43.11	3.32	74.00	0.009	0.20
ബി.	വയൽസ്	ലക്ഷം	15.00	7.73	51.53	9.18	61.20	8.29	55.27	3.73	24.87
സി.	ആംപ്യൂൾസ്	ലക്ഷം	60.00	42.82	71.37	34.68	57.88	36.86	61.43	16.99	28.32

അനുബന്ധം XII (2)

13-3-2000 ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 23(2171) ന്റെ ഉത്തരം ഡി കാണുക)

വർഷം	ഓർഡർ കിട്ടിയത് രൂപ. കോടി	സപ്ലേ രൂ. കോടി	ശതമാനം
1996-97	11.00	7.52	68.36
1997-98	18.50	14.53	80.72
1998-99	15.00	6.21	41.40
1999-2000	5.90	2.56	43.39

അനുബന്ധം XIII (1)

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 27 (2175) ന്റെ ഉത്തരം കാണുക)

THE TRAVANCORE SUGARS & CHEMICALS LTD., TIRUVALLA – 4

1 A I.M.F.L. SALES DETAILS FROM 1.01.1998 to 29.02.2000

	1998		*1999*		*2000*	
	Quantity	*Value*	*Quantity*	*Value*	*Quantity*	*Value*
January	4050	9,53,200.00	5500	14,53,500.00	-	-
February	3000	6,96,000.00	5000	13,29,500.00	-	-
March	5000	11,44,800.00	3000	7,80,000.00	-	-
April	3500	7,97,400.00	1000	2,39,000.00	-	-
May	6500	14,82,000.00	14050	34,03,700.00	-	-
June	10000	26,16,350.00	11025	26,98,975.00	-	-
July	7500	19,59,500.00	15500	37,29,500.00	-	-
August	12000	32,04,000.00	8105	19,67,995.00	-	-
Sept.	2500	6,62,500.00	12575	31,52,825.00	-	-
Octo.	9040	23,96,380.00	8500	20,69,500.00	-	-
Nov.	10000	26,36,000.00	8000	19,41,000.00	-	-
Dece.	5000	12,75,000.00	21050	50,62,050.00	-	-
Total	78090	1,98,23,130.00	113305	2,78,27,545.00	-	-

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIII (2)

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 27 (2175) ന്റെ ഉത്തരം (ഇ) കാണുക)

THE TRAVANCORE SUGARS & CHEMICALS LIMITED TIRUVALLA-689 104

2.SALARY & ALLOWANCES ETC. FROM 1.1.98 to 29.2.2000

1998 January to March, 1998	Rs. 27,31,750.00
1998 April to 1999 March	Rs. 87,45,768.00
1999 April to Feb.2000	Rs. 87,59,773.00

(Monthly coverage Rs. 7.5 lakhs)

അനുബന്ധം XIV

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 30 (2178) ന്റെ ഉത്തരം കാണുക)

NAME OF ESTATE

List of Industrial Estates and Mini Industrial Estates of Sidco

1. Pappanamcode
2. Umayanalloor
3. Karunagappally
4. Changanacherry
5. Ettumanoor
6. Kollakkadavu
7. Cherthala
8. Palluruthy
9. Vazhakulam
10. Ollur
11. Kallettumkara
12. Olavakkot
13. Karakkad
14. West Hill
15. Manjeri
16. Palayad
17. Kasargode

MINI INDUSTRIAL ESTATE

THIRUVANANTHAPURAM	IDUKKI	MALAPPURAM
1. Ulloor	1. Olamattom	1. Edavanna
2. Varkala	2. Kodikulam	2. Oorakam
3. Vellanad	3. Adimali	3. Kokkoor
4. Anad		

LIBRARY ARCHIVES Kerala Legislative Assembly